ഉത്തരം

(എ) ഈ വർഷത്തെ കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഗഡുവായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1244.622 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 414.86 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) & (സി) അല്ല. ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക നീക്കിവയ്ക്കുന്നത് അതാതു ബ്ലോക്കിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയും മൊത്തം ഗ്രാമീണ ജനസംഖ്യയും 50:50 എന്ന അനുപാതത്തിൽ കണക്കിലെടുത്താണ്. അതിനാൽ ഓരോ ബ്ലോക്കിന്റേയും വിഹിതം വ്യത്യസ്ഥമായിരിക്കും.

ബാലുശ്ശേരി തേൻ സംഭരണ കേന്ദ്രത്തിലെ ശ്രീ. ചെക്കിണിക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക

129 [3385] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന ഒതേൻ സംഭരണ കേന്ദ്രത്തിലെ ദിവസവേതന ജീവനക്കാരനായ ശ്രീ. ചെക്കിണിയെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഇദ്ദേഹത്തിന് സ്ഥിരപ്പെടുത്തിയതുമുതൽ ലഭിക്കേണ്ട ശമ്പള കുടിശ്ശിക കൊടുത്തു കഴിഞ്ഞുവോ;

(സി) എന്തുതുക വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) കുടിശ്ശിക കൊടുത്തുതീർക്കാനുള്ള എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 12-4-2005-ലെ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

(സി) തുക എന്തു വരുമെന്ന് ഖാദിബോർഡ് കണക്കാക്കി വരുന്നതേയുള്ളൂ.

(ഡി) സ്ഥിരപ്പെടുത്തിയ തീയതിയായ 5-2-1999-ലെ ശമ്പളം നിർണ്ണയിച്ച് ഓരോ വർഷവും ഇൻക്രിമെന്റ് നൽകി 5-2-1999 മുതൽ 31-3-2005 വരെ വാങ്ങിയ വേതനം തട്ടിക്കിഴിച്ച് കുടിശ്ശിക തുക കണക്കാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly